# 2025 മാർച്ച്  രണ്ടാം ദ്വൈവാര കാർഷിക വിലവിവരപത്രിക

വാല്യം **2,** ലക്കം **6 , 2025**


സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡ്
ഹരിശ്രീ, റോസ്കോട്ട് ലൈൻ, വഴുതക്കാട്, ശാസ്തമംഗലം.പി.ഒതിരുവനന്തപുരം-695010

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ഡിപ്പാർട്ട്മെന്റ് ദിവസേന പ്രസിദ്ധീകരിക്കുന്ന കാർഷിക മൊത്തവിലയുടെ അടിസ്ഥാനത്തിൽ നാളികേരം (പൊതിച്ചത് ),അടയ്ക്ക (പഴുത്തത് ),കുരുമുളക് ,ഏലം ,ഇഞ്ചി ,ചുക്ക് ,തേയില, കാപ്പിക്കുരു, റബ്ബർ (RSS 4 ), മഞ്ഞൾ, കൊക്കോ എന്നിവയും അഗ്മാർക്ക്നെറ്റിൽ പ്രസിദ്ധീകരിക്കുന്ന മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, വെളുത്തുള്ളി എന്നീ വിളകളുടെയും തെരഞ്ഞെടുത്ത വിപണികളിലെ വില താരതമ്യം ചെയ്തുകൊണ്ടാണ് ഈ കാർഷിക വിലവിവര പത്രിക തയാറാക്കിയിട്ടുള്ളത്. മാർച്ച് മാസം 16 മുതൽ 31 വരെയുള്ള രണ്ടാഴ്ചയിലെ വിളകളുടെ വിലയിൽ വന്നിട്ടുള്ള വ്യതിയാനം തെരഞ്ഞെടുത്ത മാർക്കറ്റിന്റെ അടിസ്ഥാനത്തിൽ ഇനം തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു.

**<u>നാളികേരം(പൊതിച്ചത്)</u>**

പട്ടിക 1 :- നാളികേരത്തിന്റെ വില വ്യതിയാനം

| ക്രമ നമ്പർ | ഉല്പന്നം | വിപണി | മൂന്നാം വാരം (മാർച്ച് 16-22) | നാലാം വാരം (മാർച്ച് 23-31) | 2025 ൽ രണ്ടാം ദൈ്വവാര ശരാശരി (മാർച്ച് 16-31) | ശതമാന വ്യത്യാസം | 2024ൽ രണ്ടാം ദൈ്വവാര ശരാശരി | 2023ൽ രണ്ടാം ദൈ്വവാര ശരാശരി |
|---|---|---|---|---|---|---|---|---|
| 1 | നാളികേരം(പൊതിച്ചത് ) (രൂപ/ 100 ) | കോഴിക്കോട് | 2000 | 2206.7 | 2103.3 | 10.33 | 1140 | 1050 |
| 2 | നാളികേരം(പൊതിച്ചത് ) (രൂപ/കിലോ) | ആലപ്പുഴ | 62.5 | 63 | 62.75 | 0.80 | 32.67 | 28.5 |
| | | കോഴിക്കോട് | 54.5 | 60.17 | 57.33 | 10.40 | 30 | 27 |




നാളികേരം പൊതിച്ചതിന് കോഴിക്കോട് മാർക്കറ്റിൽ നൂറെണ്ണത്തിന് മാർച്ച് മൂന്നാം വാരത്തിൽ ശരാശരി വില 2000 രൂപയും നാലാം വാരത്തിൽ 2206.7 രൂപയും രേഖപ്പെടുത്തി. മൂന്നാമത്തെ അപേക്ഷിച്ച് നാലാമത്തെ വാരത്തിൽ ശരാശരിവിലയിൽ 10.33% വർദ്ധന രേഖപ്പെടുത്തി. 2024 മാർച്ചിൽ കോഴിക്കോട് മാർക്കറ്റിൽ നൂറെണ്ണത്തിന് രണ്ടാഴ്ചയിലെ ശരാശരി വില 1140 രൂപയും 2023 മാർച്ചിലെ രണ്ടാംദൈ്വവാര ശരാശരി വില 1050 രൂപയുമാണ് ഉണ്ടായിരുന്നത്.


ആലപ്പുഴ വിപണിയിൽ നാളികേരം പൊതിച്ചതിന് കിലോഗ്രാമിന് ശരാശരി വില മാർച്ച് മൂന്നാംവാരം 62.5 രൂപയും നാലാംവാരം 63 രൂപയുമായിരുന്നു. അതേസമയം 2024 മാർച്ച് മൂന്നും നാലും ആഴ്ചകളിൽ ശരാശരി വില 32.67 രൂപയും 2023 മാർച്ച് മൂന്നും നാലും ആഴ്ചകളിൽ ആഴ്ചകളിൽ ശരാശരി വില 28.5 രൂപയുമാണ് രേഖപ്പെടുത്തിയിരുന്നത്.


കോഴിക്കോട് വിപണിയിൽ നാളികേരം പൊതിച്ചതിന് കിലോഗ്രാമിന് മാർച്ചിലെ മൂന്നാം വാരത്തിൽ ശരാശരി വില 54.5 രൂപയും നാലാം വാരത്തിൽ 60.17 രൂപയും രേഖപ്പെടുത്തി. മൂന്നാമത്തെ അപേക്ഷിച്ച് നാലാമത്തെ വാരത്തിൽ ശരാശരിവിലയിൽ 10.40% വർദ്ധനവുണ്ടായി. അതേസമയം 2024 മാർച്ച് മൂന്നും നാലും ആഴ്ചകളിൽ നാളികേരം പൊതിച്ചതിന് കിലോഗ്രാമിന് രണ്ടാഴ്ചയിലെശരാശരി വില 30 രൂപയും 2023 മാർച്ചിൽ രണ്ടാഴ്ചയിലെശരാശരി വില വില 27 രൂപയുമാണ് ഉണ്ടായിരുന്നത് .


**പട്ടിക 1.a:- ജില്ലതിരിച്ചുള്ള കഴിഞ്ഞ അഞ്ചുവർഷത്തെ തെങ്ങുകൃഷിയുടെ വിവരം**

| ക്രമ നം | ജില്ല | 2019-20 | | | 2020-21 | | | 2021-22 | | | 2022-23 | | | 2023-24 | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | വിസ്തൃതി (Hec) | ഉല്പാദനം (million nuts) | ഉല്പാദനക്ഷമത (mln nuts/Hec) | വിസ്തൃതി (Hec) | ഉല്പാദനം (million nuts) | ഉല്പാദനക്ഷമത (mln nuts/Hec) | വിസ്തൃതി (Hec) | ഉല്പാദനം (million nuts) | ഉല്പാദനക്ഷമത (mln nuts/Hec) | വിസ്തൃതി (Hec) | ഉല്പാദനം (million nuts) | ഉല്പാദനക്ഷമത (mln nuts/Hec) | വിസ്തൃതി (Hec) | ഉല്പാദനം (million nuts) | ഉല്പാദനക്ഷമത (mln nuts/Hec) |
| 1 | തിരുവനന്തപുരം | 70373 | 424 | 6025 | 70489.57 | 392 | 5561 | 69475 | 490 | 7053 | 70569.65 | 471 | 6674 | 70102.13 | 458 | 6529.51 |
| 2 | കൊല്ലം | 45348 | 291 | 6417 | 46759.69 | 268 | 5731 | 44655 | 279 | 6248 | 45296.3 | 280 | 6182 | 45472.17 | 277 | 6088.88 |
| 3 | പത്തനംതിട്ട | 16056 | 76 | 4733 | 15789.08 | 80 | 5067 | 22093 | 119 | 5386 | 16373.64 | 73 | 4458 | 16153.05 | 68 | 4179.38 |
| 4 | ആലപ്പുഴ | 34205 | 200 | 5847 | 33711.6 | 181 | 5369 | 37018 | 224 | 6051 | 34543.81 | 185 | 5356 | 35316.89 | 224 | 6335.05 |
| 5 | കോട്ടയം | 25221 | 102 | 4044 | 25835.79 | 100 | 3871 | 23900 | 120 | 5021 | 24591.95 | 120 | 4880 | 25264.31 | 125 | 4965.27 |
| 6 | ഇടുക്കി | 13613 | 56 | 4114 | 15305.37 | 48 | 3136 | 14477 | 50 | 3454 | 12849.22 | 50 | 3891 | 12750.81 | 49 | 3873.69 |
| 7 | എറണാകുളം | 40580 | 159 | 3918 | 41466.28 | 202 | 4871 | 45249 | 220 | 4862 | 38642.3 | 199 | 5150 | 40149.62 | 197 | 4910.51 |
| 8 | തൃശ്ശൂർ | 77785 | 525 | 6749 | 80831.3 | 496 | 6136 | 77020 | 522 | 6777 | 79266.75 | 536 | 6762 | 80386.35 | 511 | 6361.94 |
| 9 | പാലക്കാട് | 57428 | 454 | 7906 | 58409.77 | 474 | 8115 | 56175 | 464 | 8260 | 62934.47 | 553 | 8787 | 64410.09 | 500 | 7757.19 |
| 10 | മലപ്പുറം | 105381 | 778 | 7383 | 104276.4 | 769 | 7375 | 102146 | 964 | 9437 | 103548.1 | 985 | 9512 | 104675.97 | 964 | 9208.23 |
| 11 | കോഴിക്കോട് | 114865 | 741 | 6451 | 113833.6 | 731 | 6422 | 113211 | 921 | 8135 | 114590.5 | 992 | 8657 | 115654.07 | 1022 | 8837.79 |
| 12 | വയനാട് | 9741 | 53 | 5441 | 9983.47 | 55 | 5509 | 9331 | 64 | 6859 | 8621.69 | 61 | 7075 | 8690.27 | 57 | 6597.29 |
| 13 | കണ്ണൂർ | 86877 | 412 | 4742 | 88101.33 | 459 | 5210 | 86246 | 524 | 6076 | 82878.15 | 525 | 6335 | 81709.19 | 529 | 6476.80 |
| 14 | കാസർഗോഡ് | 63303 | 543 | 8578 | 64015.8 | 533 | 8326 | 64439 | 574 | 8908 | 65647.3 | 611 | 9307 | 65107.41 | 541 | 8313.27 |
| | Total | **760776** | **4814** | **6328** | **768809** | **4788** | **6228** | **765435** | **5535** | **7231** | **760353.8** | **5641** | **7419** | **765842.33** | **5523** | **7211.28** |

പട്ടിക-1.aയിൽ കേരളത്തിലെ തെങ്ങുകൃഷിയുടെ കഴിഞ്ഞ അഞ്ച് കാർഷിക വർഷങ്ങളിലെ വിസ്തൃതി ,ഉത്പാദനം, ഉല്പാദനക്ഷമത എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു . 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ കേരളത്തിൽ തെങ്ങിന്റെ വിസ്തൃതി താരതമ്യേനെ കൂടുതൽ രേഖപ്പെടുത്തിയത് 2020-21 കാർഷികവർഷത്തിലും (768809 ഹെക്ടറും) കുറവ് 2022-23 കാർഷികവർഷത്തിലുമാണ് (760353.8 ഹെക്ടറും). ഉത്പാദനം കൂടുതൽ 2022-23 കാർഷികവർഷത്തിലും (5641 million nuts)കുറവ് 2020-21 കാർഷികവർഷത്തിലുമാണ് (4788 million nuts)രേഖപ്പെടുത്തിയത്. ഉല്പാദനക്ഷമത കൂടുതൽ 2022-23 വർഷത്തിലാണ് രേഖപ്പെടുത്തിയത്(7419 million nuts /ഹെക്ടർ) .








2019–20നെ അപേക്ഷിച്ച് 2023–24ൽ നാളികേരം ഉല്പാദനത്തിൽ കാര്യമായ പുരോഗതി ഒരു ജില്ലയിലും ഉണ്ടായിട്ടില്ല . എറണാകുളം,കോഴിക്കോട്, കണ്ണൂർ, മലപ്പുറം ജില്ലകളിൽ മാത്രം ഉല്പാദനത്തിൽ വർദ്ധന രേഖപ്പെടുത്തിയപ്പോൾ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ ,കാസർഗോഡ് ജില്ലകളിൽ കുറവും രേഖപ്പെടുത്തി.

**പട്ടിക 1.b കേരളത്തിലെ കഴിഞ്ഞ അഞ്ചുവർഷത്തെ തേങ്ങയുടെ കൃഷിയിട മൊത്തവില വില വിവരം ( Rs/100 )**

| | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ശരാശരി |
|---|---|---|---|---|---|---|---|---|---|---|---|---|---|
| **2019-20** | 1458.46 | 1561.62 | 1592.97 | 1607.03 | 1639.56 | 1660.79 | 1714.77 | 1757.03 | 1769.84 | 1800 | 1749.4 | 1706.54 | 1668.17 |
| **2020-21** | 1706.62 | 1756.25 | 1813.08 | 1869.46 | 1925.62 | 2033.73 | 2028.13 | 2064.63 | 2034.25 | 1927.35 | 1916.05 | 1794.26 | 1905.79 |
| **2021-22** | 1700.8 | 1674.5 | 1647.75 | 1651.16 | 1698.8 | 1642.83 | 1579.63 | 1577.17 | 1574.96 | 1546.98 | 1490.64 | 1455.95 | 1603.43 |
| **2022-23** | 1422.54 | 1419.26 | 1387.02 | 1320.75 | 1352.46 | 1391.57 | 1428.93 | 1417.25 | 1415.07 | 1390.63 | 1357.82 | 1318.1 | 1385.12 |
| **2023-24** | 1359.41 | 1375.68 | 1401.18 | 1433.61 | 1473.11 | 1531.22 | 1557.47 | 1557.8 | 1553.58 | 1568.24 | 1563.68 | 1573.99 | 1495.75 |

Data from Dept of Economics and Statistics (വർഷം: ജൂലൈ -ജൂൺ)




കഴിഞ്ഞ അഞ്ച് കാർഷിക വർഷങ്ങളിലെ നാളികേരത്തിന്റെ കൃഷിയിട മൊത്തവില ശരാശരി 2021-22ൽ നൂറെണ്ണത്തിന് 1905.79 രൂപ രേഖപെടുത്തിയപ്പോൾ കുറഞ്ഞ വിലയായ 1385.12 രൂപ 2022-23ൽ രേഖപ്പെടുത്തി.

**പട്ടിക 1.c വേൾഡ് ബാങ്കിന്റെ ഉത്പന്നങ്ങളുടെ വിലനിലവാരപട്ടിക**


| | വാർഷിക ശരാശരി | | | മാസ ശരാശരി | | |
|---|---|---|---|---|---|---|
| | 2022 | 2023 | 2024 | 2024 Dec | 2025 Jan | 2025 Feb |
| വെളിച്ചെണ്ണ ($/metric Ton) | 1,635 | 1,075 | 1,519 | 1,973 | 1,978 | 1,990 |

www.worldbank.org

**പട്ടിക 1.d നാളികേര ഉല്പന്നത്തിന്റെ വിവിധ രാജ്യങ്ങളിലെ വിലവ്യതിയാനം ( US$ / metric Ton)**

| ക്രമ നം | ഇനം | രാജ്യം | 2025ഏപ്രിൽ മൂന്നാംവാര ശരാശരി | 2025ഏപ്രിൽ നാലാംവാര ശരാശരി | ശതമാന വ്യത്യാസം | 2025 ൽ രണ്ടാം ദ്വൈവാര ശരാശരി (മാർച്ച് 16–31) | 2024ൽ രണ്ടാം ദ്വൈവാര ശരാശരി | 2023ൽ രണ്ടാം ദ്വൈവാര ശരാശരി |
|---|---|---|---|---|---|---|---|---|
| 1 | വെളിച്ചെണ്ണ | യൂറോപ്പ് | 2,358 | 2,426 | 2.88 | 2,392 | 1,352.50 | 1,063 |
| | | ഫിലിപ്പീൻസ് | 2,645 | 2,791 | 5.52 | 2,718 | 1,242 | 1,112.50 |
| | | ശ്രീലങ്ക | 2,926 | 2,885 | -1.4 | 2,905.50 | 2,020 | 2,280.50 |
| | | ഇന്ത്യ | 3,016 | - | - | 3,016 | 1,839 | 1,670.50 |
| 2 | കൊപ്ര | ഫിലിപ്പീൻസ് | 1,414 | 1,485 | 5.02 | 1,449.50 | 659.5 | 620 |
| | | ശ്രീലങ്ക | 1,737 | 1,797 | 3.45 | 1,767 | 1,142.50 | 1,256 |
| | | ഇന്ത്യ | 1,925 | - | - | 1,925 | 1,169 | 1,041 |

Ref:- data from International Coconut Community





പട്ടിക 1c ൽ വേൾഡ്ബാങ്കിന്റെ ഉത്പന്നങ്ങളുടെ വില നിലവാര പട്ടികയിൽ വെളിച്ചെണ്ണയുടെ കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ ശരാശരി വിലയും ,2024ഡിസംബർ ,2025 ജനുവരി ,ഫെബ്രുവരി മാസങ്ങളിലെ ശരാശരി വിലയും രേഖപ്പെടുത്തിയിരിക്കുന്നു( US$ / metric Ton). International Coconut Communityയുടെ വെളിച്ചെണ്ണ ,കൊപ്ര എന്നിവയുടെ പ്രധാനഉല്പാദന രാജ്യങ്ങളിലെ ദ്വൈവാര വില വ്യതിയാനം പട്ടിക 1d ൽ രേഖപ്പെടുത്തിയിരിക്കുന്നു .

## അടയ്ക്ക (പഴുത്തത്)

പട്ടിക 2 :- അടയ്ക്ക പഴുത്തതിന്റെ വില വ്യതിയാനം

| ക്രമ നമ്പർ | ഉല്പന്നം | വിപണി | മൂന്നാം വാരം (മാർച്ച് 16-22) | നാലാം വാരം (മാർച്ച് 23-31) | 2025 ൽ രണ്ടാം ദ്വൈവാര ശരാശരി (മാർച്ച് 16–31) | ശതമാന വ്യത്യാസം | 2024ൽ രണ്ടാം ദ്വൈവാര ശരാശരി | 2023ൽ രണ്ടാം ദ്വൈവാര ശരാശരി |
|---|---|---|---|---|---|---|---|---|
| 1 | അടയ്ക്ക (പഴുത്തത്) (രൂപ/ 100 ) | പൊന്നാനി | 320 | 350 | 335 | 9.38 | 350 | 325 |





അടയ്ക്ക പഴുത്തതിന് നൂറെണ്ണത്തിന് പൊന്നാനി മാർക്കറ്റിൽ മാർച്ച് മൂന്നാം വാരത്തിൽ ശരാശരി വില 320 രൂപയും നാലാം വാരത്തിൽ 350 രൂപയും രേഖപ്പെടുത്തി. 2024 മാർച്ചിൽ രണ്ടാം ദ്വൈവാരശരാശരി വില 350 രൂപയും 2023 മാർച്ചിൽ രണ്ടാം ദ്വൈവാര ശരാശരി വില 325 രൂപയുമായിരുന്നു.

**കുരുമുളക്( ഉണങ്ങിയത് )**

പട്ടിക 3:– കുരുമുളക്( ഉണങ്ങിയത് ) വില വ്യതിയാനം(രൂപ/കിലോ)

| ക്രമ നമ്പർ | ഉല്പന്നം | വിപണി | മൂന്നാം വാരം (മാർച്ച് 16–22) | നാലാം വാരം (മാർച്ച് 23–31) | 2025 ൽ രണ്ടാം ദ്വൈവാര ശരാശരി (മാർച്ച് 16–31) | ശതമാന വ്യത്യാസം | 2024ൽ രണ്ടാം ദ്വൈവാര ശരാശരി | 2023ൽ രണ്ടാം ദ്വൈവാര ശരാശരി |
|---|---|---|---|---|---|---|---|---|
| 1 | കുരുമുളക് (ഉണങ്ങിയത്) | കൊച്ചി | 687 | 687.67 | 687.33 | 0.10 | 505.80 | 488.08 |




കുരുമുളക് ഉണങ്ങിയത് കിലോഗ്രാമിന് കൊച്ചി മാർക്കറ്റിൽ മാർച്ചിലെ മൂന്നാം വാരത്തിൽ ശരാശരി വില 687 രൂപയായിരുന്നപ്പോൾ നാലാം വാരത്തിൽ 687.67 രൂപയും രേഖപ്പെടുത്തി. രണ്ടാം ദ്വൈവാരത്തിൽ കുരുമുളകിന് ഏറ്റവും കുറഞ്ഞ വില കിലോഗ്രാമിന് 685 രൂപയും ഏറ്റവും കൂടിയ വിലയായ 689 രൂപയും രേഖപ്പെടുത്തി. 2024 മാർച്ചിൽ കുരുമുളക് ഉണങ്ങിയതിന് കൊച്ചി മാർക്കറ്റിൽ രണ്ടാം ദ്വൈവാര ശരാശരി വില 505.80 രൂപയും 2023 മാർച്ചിൽ രണ്ടാം ദ്വൈവാര ശരാശരി വില 488.08 രൂപയുമായിരുന്നു.

**ഏലം**

പട്ടിക 4:- ഏലത്തിന്റെ വില വ്യതിയാനം(രൂപ/കിലോ)

| ക്രമ നമ്പർ | ഉല്പന്നം | വിപണി | മൂന്നാംവാരം (മാർച്ച് 16-22) | നാലാംവാരം (മാർച്ച് 23-31) | 2025 ൽ രണ്ടാംദ്വൈവാരശരാശരി (മാർച്ച് 16-31) | ശതമാന വ്യത്യാസം | 2024ൽ രണ്ടാം ദ്വൈവാര ശരാശരി | 2023ൽ രണ്ടാം ദ്വൈവാര ശരാശരി |
|---|---|---|---|---|---|---|---|---|
| 1 | ഏലം | കട്ടപ്പന | 2517 | 2600 | 2558.3 | 3.31 | 1320 | ലഭ്യമല്ല |





ഏലത്തിന് കട്ടപ്പന മാർക്കറ്റിൽ മൂന്നാം വാരത്തിൻറെ ശരാശരി വില 2517 രൂപ ആയിരുന്നപ്പോൾ നാലാം വാരത്തിൽ 2600 രൂപ രേഖപെടുത്തി. 2025 മാർച്ചിൽ രണ്ടാം ദ്വൈവാര ശരാശരി വില കിലോഗ്രാമിന് 2558.3 രൂപ രേഖപ്പെടുത്തി . 2024 മാർച്ചിൽ ഏലത്തിന് കട്ടപ്പന മാർക്കറ്റിൽ രണ്ടാം ദ്വൈവാര ശരാശരി വില 1320 രൂപയാണ് രേഖപ്പെടുത്തിയിരുന്നത്.

**ഇഞ്ചി**

പട്ടിക 5 :- ഇഞ്ചിയുടെ വില വ്യതിയാനം(രൂപ/കിലോ)

| ക്രമ നമ്പർ | ഉല്പന്നം | വിപണി | മൂന്നാംവാരം (മാർച്ച് 16-22) | നാലാംവാരം (മാർച്ച് 23-31) | 2025 ൽ രണ്ടാം ദ്വൈവാര ശരാശരി (മാർച്ച് 16-31) | ശതമാന വ്യത്യാസം | 2024ൽ രണ്ടാംദ്വൈവാര ശരാശരി | 2023ൽ രണ്ടാം ദ്വൈവാര ശരാശരി |
|---|---|---|---|---|---|---|---|---|
| 1 | ഇഞ്ചി | മാനന്തവാടി | 27 | 27 | 27 | 0 | 96.75 | ലഭ്യമല്ല |





ഇഞ്ചിയ്ക്ക് മാനന്തവാടി മാർക്കറ്റിൽ മാർച്ച് മൂന്നും നാലും ആഴ്ചകളിൽ ശരാശരി വില 27 രൂപയിൽ തുടരുന്നു. 2024 മാർച്ചിൽ ഇഞ്ചിയ്ക്ക് മാനന്തവാടി മാർക്കറ്റിൽ രണ്ടാം ദ്വൈവാര ശരാശരി വില കിലോഗ്രാമിന് 96.75 രൂപയുമായിരുന്നു.

**ചുക്ക്**

പട്ടിക 6 :- ചുക്കിന്റെ വില വ്യതിയാനം(രൂപ/കിലോ)

| ക്രമ നമ്പർ | ഉല്പന്നം | വിപണി | മൂന്നാംവാരം (മാർച്ച് 16–22) | നാലാംവാരം (മാർച്ച് 23–31) | 2025 ൽ രണ്ടാം ദ്വൈവാര ശരാശരി (മാർച്ച് 16–31) | ശതമാന വ്യത്യാസം | 2024ൽ രണ്ടാംദ്വൈ വാര ശരാശരി | 2023ൽ രണ്ടാം ദ്വൈവാര ശരാശരി |
|---|---|---|---|---|---|---|---|---|
| 1 | ചുക്ക് | കൊച്ചി | 275 | 275 | 275 | 0 | 350 | 215 |





ചുക്കിന് കൊച്ചി മാർക്കറ്റിൽ മാർച്ച് മൂന്നും നാലും ആഴ്ചകളിൽ ശരാശരി വില 275 രൂപയിൽ തുടരുന്നു. 2024 മാർച്ചിൽ ചുക്കിന് കൊച്ചി മാർക്കറ്റിൽ രണ്ടാം ദ്വൈവാര ശരാശരി വില കിലോഗ്രാമിന് 350 രൂപയും 2023 മാർച്ചിൽ രണ്ടാം ദ്വൈവാര ശരാശരി വില കിലോഗ്രാമിന് 215 രൂപയുമായിരുന്നു.

## തേയില

പട്ടിക 7 :- തേയിലയുടെ വില വ്യതിയാനം(രൂപ/കിലോ)

| ക്രമ നമ്പർ | ഉല്പന്നം | വിപണി | മൂന്നാംവാരം (മാർച്ച് 16-22) | നാലാംവാരം (മാർച്ച് 23-31) | 2025 ൽ രണ്ടാംദ്വൈവാരശരാശരി (മാർച്ച് 16-31) | ശതമാന വ്യത്യാസം | 2024ൽ രണ്ടാം ദ്വൈവാര ശരാശരി | 2023ൽ രണ്ടാം ദ്വൈവാര ശരാശരി |
|---|---|---|---|---|---|---|---|---|
| 1 | തേയില | കോട്ടയം | 206 | 215 | 210.50 | 4.37 | 216 | 220 |





തേയിലയ്ക്ക് കോട്ടയം മാർക്കറ്റിൽ മാർച്ച് മൂന്നാം വാര ശരാശരി വില കിലോഗ്രാമിന് 206 രൂപയും. നാലാം വാരശരാശരി വില കിലോഗ്രാമിന് 215 രൂപയും രേഖപെടുത്തി. 2024 മാർച്ചിൽ തേയിലയ്ക്ക് കോട്ടയം മാർക്കറ്റിൽ രണ്ടാം ദ്വൈവാര ശരാശരി വില കിലോഗ്രാമിന് 216 രൂപയും 2023 മാർച്ച് രണ്ടാം ദ്വൈവാരശരാശരി വില കിലോഗ്രാമിന് 220 രൂപയുമായിരുന്നു.

## കാപ്പിക്കുരു

പട്ടിക 8:- കാപ്പിക്കുരുവിന്റെ വില വ്യതിയാനം(രൂപ/കിലോ)

| ക്രമ നമ്പർ | ഉല്പന്നം | വിപണി | മൂന്നാംവാരം (മാർച്ച് 16-22) | നാലാം വാരം (മാർച്ച് 23-31) | 2025 ൽ രണ്ടാംദ്വൈവാരശരാശരി (മാർച്ച് 16-31) | ശതമാന വ്യത്യാസം | 2024ൽ രണ്ടാം ദ്വൈവാര ശരാശരി | 2023ൽ രണ്ടാം ദ്വൈവാര ശരാശരി |
|---|---|---|---|---|---|---|---|---|
| 1 | കാപ്പിക്കുരു | മാനന്തവാടി | 262 | 263.5 | 262.92 | 0.44 | 175.93 | 110.94 |





മാനന്തവാടി മാർക്കറ്റിൽ കാപ്പിക്കുരു ഉണങ്ങിയത് തൊണ്ടോടുകൂടിയത് കിലോയ്ക്ക് മാർച്ച് മൂന്നാം വാരത്തിൽ ശരാശരി വില 262 രൂപയും നാലാം വാരത്തിൽ ശരാശരി വില 263.5 രൂപയും രേഖപ്പെടുത്തി. 2024 മാർച്ചിൽ രണ്ടാം ദ്വൈവാര ശരാശരി വില കിലോയ്ക്ക് 175.93 രൂപയും 2022 മാർച്ചിൽ രണ്ടാം ദ്വൈവാര ശരാശരി വില 110.94 രൂപയുമായിരുന്നു.

## റബ്ബർ (RSS 4 )

പട്ടിക 9 :- റബ്ബർ (RSS 4) ന്റെ വില വ്യതിയാനം(രൂപ/കിലോ)

| ക്രമ നമ്പർ | ഉല്പന്നം | വിപണി | മൂന്നാംവാരം (മാർച്ച് 16-22) | നാലാംവാരം (മാർച്ച് 23-31) | 2025 ൽ രണ്ടാംദ്വൈവാരശരാശരി (മാർച്ച് 16-31) | ശതമാന വ്യത്യാസം | 2024ൽ രണ്ടാം ദ്വൈവാര ശരാശരി | 2023ൽ രണ്ടാം ദ്വൈവാര ശരാശരി |
|---|---|---|---|---|---|---|---|---|
| 1 | റബ്ബർ (RSS 4 ) | മീനച്ചൽ | 193 | 196.33 | 194.83 | 1.55 | 178.28 | 148.25 |





റബ്ബറിന് മീനച്ചൽ മാർക്കറ്റിൽ മാർച്ച് മൂന്നാം വാരത്തിൽ ശരാശരി വില കിലോഗ്രാമിന് 193 രൂപയും നാലാം വാരത്തിൽ ശരാശരി വില 196.33 രൂപയും ആയിരുന്നു. 2024 മാർച്ചിൽ മീനച്ചൽ മാർക്കറ്റിൽ റബ്ബറിന് രണ്ടാം ദ്വൈവാരശരാശരി വില കിലോഗ്രാമിന് 178.28 രൂപയും 2023 മാർച്ചിൽ രണ്ടാം ദ്വൈവാരശരാശരി വില 148.25 രൂപയുമായിരുന്നു.

**മഞ്ഞൾ**

പട്ടിക 10 :- മഞ്ഞളിന്റെ വില വ്യതിയാനം(രൂപ/കിലോ)

| ക്രമ നമ്പർ | ഉല്പന്നം | വിപണി | മൂന്നാംവാരം (മാർച്ച് 16-22) | നാലാംവാരം (മാർച്ച് 23-31) | 2025 ൽ രണ്ടാംദ്വൈവാരശരാശരി (മാർച്ച് 16-31) | ശതമാന വ്യത്യാസം | 2024ൽ രണ്ടാം ദ്വൈവാര ശരാശരി | 2023ൽ രണ്ടാം ദ്വൈവാര ശരാശരി |
|---|---|---|---|---|---|---|---|---|
| 1 | മഞ്ഞൾ | കട്ടപ്പന | 155 | 155 | 155 | 0 | 146 | 89.7 |





കട്ടപ്പന മാർക്കറ്റിൽ മഞ്ഞൾ കിലോഗ്രാമിന് മാർച്ച് മൂന്നും നാലും ആഴ്ചകളിൽ ശരാശരി വില 155 രൂപയിൽ തുടരുന്നു. 2024 മാർച്ചിൽ കട്ടപ്പന മാർക്കറ്റിൽ മഞ്ഞൾ കിലോഗ്രാമിന് രണ്ടാം ദ്വൈവാരശരാശരി വില 146 രൂപയായിരുന്നു. 2023 മാർച്ചിൽ കട്ടപ്പന മാർക്കറ്റിൽ മഞ്ഞൾ കിലോഗ്രാമിന് രണ്ടാം ദ്വൈവാരശരാശരി വില 89.7 രൂപയുമായിരുന്നു രേഖപ്പെടുത്തിയിരുന്നത്.

**കൊക്കോ**

പട്ടിക 11 :- കൊക്കോയുടെ വില വ്യതിയാനം(രൂപ/കിലോ)

| ക്രമ നമ്പർ | ഉല്പന്നം | വിപണി | മൂന്നാംവാരം (മാർച്ച് 16-22) | നാലാംവാരം (മാർച്ച് 23-31) | 2025 ൽ രണ്ടാംദ്വൈവാരശരാശരി (മാർച്ച് 16-31) | ശതമാന വ്യത്യാസം | 2024ൽ രണ്ടാം ദ്വൈവാര ശരാശരി | 2023ൽ രണ്ടാം ദ്വൈവാര ശരാശരി |
|---|---|---|---|---|---|---|---|---|
| 1 | കൊക്കോ | കട്ടപ്പന | 88.3 | 71.67 | 80 | -18.87 | 184 | 49.83 |





കട്ടപ്പന മാർക്കറ്റിൽ മൂന്നാം വാരത്തിൽ കൊക്കോയ്ക്ക് കിലോഗ്രാമിന് ശരാശരി വില 88.3 രൂപയും നാലാം വാരത്തിൽ കിലോഗ്രാമിന് 71.67 രൂപയും രേഖപ്പെടുത്തി. മൂന്നാം വാരത്തെ അപേക്ഷിച് നാലാം വാരത്തിൽ 18.87 ശതമാനത്തിന്റെ കുറവ് രേഖപ്പെടുത്തി . അതേസമയം 2024 മാർച്ചിൽ രണ്ടാം ദ്വൈവാരശരാശരി വില കിലോയ്ക്ക് 184 രൂപയും 2023 മാർച്ചിൽ രണ്ടാം ദ്വൈവാരശരാശരി വില 49.83 രൂപയുമായിരുന്നു രേഖപ്പെടുത്തിയത്.

**<u>മരച്ചീനി</u>**

പട്ടിക 12 :- മരച്ചീനിയുടെ വില വ്യതിയാനം(രൂപ/കിലോ)

| ക്രമ ന മ്പർ | ഉല്പന്നം | വിപണി | മൂന്നാംവാരം (മാർച്ച് 16-22) | നാലാംവാരം (മാർച്ച് 23-31) | 2025 ൽ രണ്ടാംദ്വൈവാരശരാശരി (മാർച്ച് 16-31) | ശതമാന വ്യത്യാസം | 2024ൽ രണ്ടാം ദ്വൈവാര ശരാശരി | 2023ൽ രണ്ടാം ദ്വൈവാര ശരാശരി |
|---|---|---|---|---|---|---|---|---|
| 1 | മരച്ചീനി | നെയ്യാറ്റിൻകര | 46.7 | 47 | 46.83 | 0.71 | ലഭ്യമല്ല | 30.91 |
| | | കൊല്ലം | 43.3 | 50 | 46.67 | 15.38 | 35.42 | 40 |




നെയ്യാറ്റിൻകര മാർക്കറ്റിൽ മാർച്ച് മൂന്നാം വാരത്തിൽ ശരാശരി വില 46.7 രൂപ രേഖപ്പെടുത്തിയപ്പോൾ നാലാം വാരത്തിൽ ശരാശരി വില 47 രൂപയാണ് രേഖപ്പെടുത്തിയത് കൊല്ലം വിപണിയിൽ മൂന്നാം വാരത്തിൽ ശരാശരി വില 43.3 രൂപ രേഖപ്പെടുത്തിയപ്പോൾ നാലാം വാരത്തിൽ ശരാശരി വില 50 രൂപയാണ് രേഖപ്പെടുത്തിയത്.

2024 മാർച്ചിൽ നെയ്യാറ്റിൻകര മാർക്കറ്റിൽ 2023 മാർച്ചിൽ 30.91 രൂപയാണ് ഉണ്ടായിരുന്നത്. അതേസമയം കൊല്ലം വിപണിയിൽ 2024 മാർച്ചിൽ മരച്ചീനി കിലോഗ്രാമിന് രണ്ടാം ദ്വൈവാരശരാശരി വില 35.42 രൂപയും 2023 മാർച്ചിൽ 40 രൂപയുമാണ് രേഖപ്പെടുത്തിയത്.

## **നേന്ത്രൻ**

പട്ടിക 13 :–_നേന്ത്രന്റെ വില വ്യതിയാനം(രൂപ/കിലോ)

| ക്രമ നമ്പർ | ഉല്പന്നം | വിപണി | മൂന്നാംവാരം (മാർച്ച് 16–22) | നാലാം വാരം (മാർച്ച് 23–31) | 2025 ൽ രണ്ടാംദ്വൈവാരശരാശരി (മാർച്ച് 16–31) | ശതമാന വ്യത്യാസം | 2024ൽ രണ്ടാം ദ്വൈവാര ശരാശരി | 2023ൽ രണ്ടാം ദ്വൈവാര ശരാശരി |
|---|---|---|---|---|---|---|---|---|
| 1 | നേന്ത്രൻ | പാലക്കാട് | 59.30 | 62.20 | 60.77 | 4.83 | 44.23 | 32.90 |
| | | മാനന്തവാടി | 49.30 | 48.67 | 49 | -1.35 | 27.20 | 21.38 |





പാലക്കാട് വിപണിയിൽ മാർച്ച് മൂന്നാം വാരത്തിൽ നേന്ത്രൻ ശരാശരി വില കിലോഗ്രാമിന് 59.30 രൂപയും നാലാം വാരത്തിൽ ശരാശരി വില 62.20 രൂപയുമായിരുന്ന രേഖപ്പെടുത്തിയത് . നേന്ത്രൻ മാനന്തവാടി വിപണിയിൽ മൂന്നാം വാരത്തിൽ ശരാശരി വില കിലോഗ്രാമിന് 49.30 രൂപയും നാലാം വാരത്തിൽ ശരാശരി വില കിലോഗ്രാമിന് 48.67 രൂപയും രേഖപ്പെടുത്തി. പാലക്കാട് ഒന്നാമത്തെ വാരത്തെ അപേക്ഷിച്ച് രണ്ടാമത്തെ ആഴ്ചയിൽ ശരാശരിവിലയിൽ 4.83% വർദ്ധനവ് രേഖപ്പെടുത്തിയപ്പോൾ മാനന്തവാടി വിപണിയിൽ ദ്വൈവാരശരാശരിയിൽ 1.35% കുറവ് രേഖപ്പെടുത്തി.

2024 മാർച്ചിൽ നേന്ത്രന് പാലക്കാട് വിപണിയിൽ രണ്ടാം ദ്വൈവാരശരാശരി വില കിലോയ്ക്ക് 44.23 രൂപയും 2023 മാർച്ചിൽ രണ്ടാം ദ്വൈവാരശരാശരി 32.90 രൂപയും രേഖപെടുത്തി. മാനന്തവാടി വിപണിയിൽ 2024 മാർച്ചിൽ ശരാശരി വില 27.20 രൂപയും 2023 മാർച്ചിൽ രണ്ടാം ദ്വൈവാരശരാശരി കിലോയ്ക്ക് 21.38 രൂപയുമാണ് രേഖപ്പെടുത്തിയത്.

**<u>കൈതച്ചക്ക</u>**

പട്ടിക 14 :- കൈതച്ചക്കയുടെ വില വ്യതിയാനം(രൂപ/കിലോ)

| ക്രമ നമ്പർ | ഉല്പന്നം | വിപണി | മൂന്നാംവാരം (മാർച്ച് 16-22) | നാലാംവാരം (മാർച്ച് 23-31) | 2025 ൽ രണ്ടാംദ്വൈവാര ശരാശരി (മാർച്ച് 16-31) | ശതമാന വ്യത്യാസം | 2024ൽ രണ്ടാം ദ്വൈവാര ശരാശരി | 2023ൽ രണ്ടാം ദ്വൈവാര ശരാശരി |
|---|---|---|---|---|---|---|---|---|
| 1 | കൈതച്ചക്ക | മൂവാറ്റുപുഴ | 53.3 | 50 | 51.67 | -6.25 | 40 | 47.4 |





മൂവാറ്റുപുഴ വിപണിയിൽ മാർച്ച് മൂന്നാം വാരത്തിൽ കൈതച്ചക്കയ്ക്ക് ശരാശരിവില കി.ഗ്രാമിന് 53.3 രൂപ ആയിരുന്നു. നാലാം വാരത്തിൽ ശരാശരി വില 50 രൂപ രേഖപ്പെടുത്തി. മൂന്നാം വാരത്തെ അപേക്ഷിച്ച് നാലാം വാരത്തിൽ ശരാശരി വിലയിൽ 6.25% ഇടിവ് രേഖപ്പെടുത്തി.

2024 മാർച്ചിൽ കൈതച്ചക്കയ്ക്ക് മൂവാറ്റുപുഴ വിപണിയിൽ രണ്ടാം ദ്വൈവാരശരാശരി വില കിലോയ്ക്ക് 40 രൂപ രേഖപ്പെടുത്തിയപ്പോൾ 2023 മാർച്ചിൽ കിലോയ്ക്ക് ശരാശരി 47.4 രൂപയാണ് ഉണ്ടായിരുന്നത്.

**<u>വെളുത്തുള്ളി</u>**

പട്ടിക 15 :- വെളുത്തുള്ളിയുടെ വില വ്യതിയാനം(രൂപ/കിലോ)

| ക്രമ നമ്പർ | ഉല്പന്നം | വിപണി | മൂന്നാം വാരം (മാർച്ച് 16-22) | നാലാംവാരം (മാർച്ച് 23-31) | 2025 ൽ രണ്ടാം ദ്വൈവാര ശരാശരി (മാർച്ച് 16-31) | ശതമാന വ്യത്യാസം | 2024ൽ രണ്ടാം ദ്വൈവാര ശരാശരി | 2023ൽ രണ്ടാം ദ്വൈവാര ശരാശരി |
|---|---|---|---|---|---|---|---|---|
| 1 | വെളുത്തുള്ളി | തൊടുപുഴ | 125 | 125 | 125 | 0 | 171 | 83.33 |




തൊടുപുഴ മാർക്കറ്റിൽ മാർച്ച് മൂന്നും നാലും ആഴ്ചകളിൽ ശരാശരി വില 125 രൂപയിൽ തുടരുന്നു. 2024 മാർച്ചിൽ തൊടുപുഴ മാർക്കറ്റിൽ രണ്ടാം ദ്വൈവാര ശരാശരി വില 171 രൂപ രേഖപ്പെടുത്തിയപ്പോൾ 2023 മാർച്ചിൽ രണ്ടാം ദ്വൈവാര ശരാശരി വില 83.33 രൂപയാണ് ഉണ്ടായിരുന്നത്